**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4992** **14-03-2023 - ൽ മറുപടിയ്ക്ക്**

**പരവൂർ ഒല്ലാൽ റയിൽവേ മേൽപ്പാല നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിൽ പരവൂർ നഗരസഭയിലെ ഒല്ലാൽ റെയിൽവേ ലെവൽ ക്രോസിൽ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപറേഷന്റെ നിർവഹണ ചുമതലയിൽ മേൽപ്പാലം നിർമ്മിക്കുന്നതിനായുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (എ) | കൊല്ലം ജില്ലയിലെ ലെവൽക്രോസ് നമ്പർ 554-ൽ പരവൂർ-ഒല്ലാൽ റെയിൽവേ മേൽപ്പാലം നിർമ്മാണം റെയിൽവേ 2006-2007 ബജറ്റിൽ ഉൾപ്പെടുത്തിയിരുന്നതിനെ തുടർന്ന് ആർ.ബി.ഡി.സി.കെ. പദ്ധതിക്കു വേണ്ട സർവ്വെ നടത്തി, ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് (GAD) തയ്യാറാക്കി 28.01.2013 ൽ റെയിൽവേയിൽ സമർപ്പിച്ചു. റെയിൽവേ 02.12.2015 ൽ ജി.എ.ഡി.ക്ക് അംഗീകാരം നൽകുകയും ചെയ്തു. എന്നാൽ മേൽപ്പാല നിർമ്മാണത്തിനുള്ള ഫണ്ട് ലഭ്യമല്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല. G.O.(Rt)No.771/2018/PWD ഉത്തരവ് പ്രകാരം 27.04.2018 തീയതിയിൽ സർക്കാർ മേൽ പദ്ധതിയുടെ നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുകയും ആർ.ബി.ഡി.സി.കെ.യെ എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തു. ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചതിനെ തുടർന്ന് പദ്ധതിക്കായി 36.75 കോടി രൂപ, 06.08.2020 ൽ കിഫ്ബി അനുമതി നൽകുകയും ചെയ്തു.<br><br>റെയിൽവേയുടെ work plan -ൽ പ്രസ്തുത പദ്ധതി നിലവിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഡെപ്പോസിറ്റ് വ്യവസ്ഥയിൽ മാത്രമേ പദ്ധതി ഏറ്റെടുക്കാൻ കഴിയുകയുള്ളൂ എന്ന് റെയിൽവേ അറിയിച്ചതിനാൽ പദ്ധതി റെയിൽവേയുടെ 2022-23 work Plan -ൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചീഫ് ബ്രിഡ്ജ് എഞ്ചിനീയർ, സതേൺ റെയിൽവേ, ചെന്നൈ -യ്ക്ക് 18.09.2021-ൽ കത്ത് നൽകുകയും ചെയ്തു. എന്നാൽ ടി പദ്ധതി റെയിൽവേ വർക്ക് പ്ലാൻ 2022-23 -ൽ ഉൾപ്പെടുത്തിയിട്ടില്ല എന്നറിഞ്ഞതിനെ തുടർന്ന് പദ്ധതി റെയിൽവേയുടെ വർക്ക് -പ്ലാനിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ചീഫ് ബ്രിഡ്ജ് |

| | | | |
|---|---|---|---|
| | | | എഞ്ചിനീയർ, സതേൺ റെയിൽവേ, ചെന്നൈ -യ്ക്ക് 14.07.2022 -ന് വീണ്ടും കത്ത് നൽകിയിട്ടുണ്ട്.<br><br>പദ്ധതി റെയിൽവേ വർക്ക് പ്ലാനിൽ ഉൾപ്പെടുത്താനുള്ള ശ്രമം നടത്താനാണ് കിഫ്ബിയിൽ നിന്നും ലഭിച്ച നിർദ്ദേശം. |

സെക്ഷൻ ഓഫീസർ